# കാളി

വടിക്കലെക്കണ്ടം കൊയ്യ്ണ തെവസം പാലക്കാട്ട്
പടിച്ച്ണ തമ്പ്രാൻ നാട്ടില്വന്നേ കൊയ്ത്ത് കാണാൻ.
നീലിടെ മോളാക്കാളിപ്പെണ്ണിന് തമ്പിരാന്റെ
പാലക്കാടൻപാപ്പാസ് കണ്ടിട്ടതിശം വന്നേ.
കാലൊറ കണ്ടിട്ട് കാളിപ്പെണ്ണിനൊരമ്പരപ്പ്,
കോലം കണ്ടിട്ടോളക്കുള്ളില് കിരുകിരുപ്പ്!
വായലെ നാവിന് നീളം കൂടിയ ചക്കി ചൊല്ലി:
''വായ വളന്ന് നോക്ക്ണ കണ്ടാ മൂപ്പത്ത്യാര്?''
''അജ്ജേജാന്റെ പാമേ'', കാളീടുള്ളിലൊരാളലാളീ:
അസ്സല്കാര്യം! നോക്കണതാരിനെ? തമ്പിരാനെ!
എടവും വലവും പെണ്ണതിനേഷം തിരിഞ്ഞിട്ടില്ല;
കടലിലെ കണ്ണൻ മോളടെ കണ്ണില് ചാടീട്ടില്ല!
പാവം തോന്ന്ണ്–വേക്കംവേക്കം നെല്ല് കൊയ്ത്
പാടത്തങ്ങനെ നിന്നൂ പെണ്ണൊരു മാന്പോലെ!
പാകം വന്ന് പയിത്ത പൂവ്വൻ കായപോലെ
പാടേ മഞ്ഞപ്പണിഞ്ഞ കുട്ടിത്തമ്പിരാനോ,
ചിക്കനെ ചിക്കനെ ലാത്തി നടന്നേ വല്യവരമ്പിൽ;
കുറ്ക്കന് കണ്ണാക്കോയിക്കൂട്ടീന്ന് പോരലില്ലേ!
തേക്കിന് വെച്ച തുലാത്തിനെപ്പോലെക്കൂന്ന്കൂന്ന്
മൂക്കിന് താഴെക്കൊയ്തേ ഇമ്മടെയെണ്ണമൈലി.
ഓളടെ മാറില് നീലത്താമര മൊട്ട്പോലേ
കാണ്ണ് പതിനേഴാമത് വയതിൻ വമ്പൊളപ്പ്.
എളകിപ്പോയേ കുട്ടിത്തമ്പ്രാനുള്ളിലൊരിമ്പം–
ഉലകിലെ മനിതമ്മാരിക്ക് പണ്ടേ കേറ്ണ കമ്പം.
അങ്ങനെ മകരോം പോയേ; വെള്ളം തേവിത്തേവി
എങ്ങടെ പൊലയര് പാർപ്പേപുഞ്ചപ്പാടത്തായേ.

നെല്ലിന് പള്ള കനത്ത് ചൊവന്നേ; തമ്പിരാന്റെ
വല്ലം നെറയെപ്പുഞ്ചപ്പാടം പെറ്റ്വീണേ.
പെണ്ണിനെപ്പറ്റിപ്പാട്ടും വീണേ, കുട്ടിത്തമ്പ്രാൻ
പിന്നത്തെക്കൊല്ലം പാലക്കാട്ട്ക്ക് പോകും മുമ്പേ
പറയ്ണ് കുട്ടിത്തമ്പ്രാനാണെന്നാള്കളൊക്കെ;
ചെറുമനിതമ്മാർ കൂട്ണ്ടിക്കിൽച്ചിരി പരന്നേ.
വല്യമ്പ്രാനുമറിഞ്ഞേ, കോപം മൂക്കത്തായേ;
വല്യമ്പ്രാട്ടിക്കവിട്ന്നങ്ങട്ട് ചോറ് വേണ്ടാ.
പടിഞ്ഞാറ്റേമ്പീന്നെറങ്ങല് മാറീ കുട്ടിത്തമ്പ്രാൻ:
പറഞ്ഞേമ്പിപ്പറഞ്ഞിട്ടംശം മുഴുവനുമോടീ കള്ളി.
എന്തിന് പറയിണ്? കാളീം നീലിം പടിയിറങ്ങി;
സൊന്തക്കാരും പിന്നോറ്റിനെക്കണ്ടാൽപ്പേടിച്ച് മാറി.
''എങ്ങട്ടേങ്കിലുമാട്ടേ, പോട്ടേ ശൂന്യം,'' തമ്പ്രാൻ;
എങ്ങട്ടു പോകും കൊടവയറുംകൊണ്ടോറ്റ രണ്ടും?
ഒടുവപ്പത്താം മാതം പെണ്ണിന് നോവ് വന്നൂ;
പടിവാതുക്കൽപ്പെറ്റുപെണ്ണൊരു പാതിരനേരം.

വെള്പ്പിന് വല്ലിച്ച തമ്പ്രാൻ വന്നേ, പടി തൊറന്നേ;
വെളിയില് മൂന്ന് ശവങ്ങളിരിക്ക്ണ്, ചകനം നന്നേ!
മൂക്ക് വിറക്ക്ണ്, കണ്ണ് ചൊവക്ക്ണ് തമ്പിരാന്റെ;
മൂപ്പര് കാലുമുയർത്ത്ണ്, കുട്ടിച്ചാത്തന്മാരേ!
വേലീമ്മെച്ചാഞ്ഞും കണ്ണ് നെറഞ്ഞും നിന്നേ പോയേ
വായലെ നാവിന് നീളം കൂടിയ ചക്കിപോലും!

## തൊയിരം മേണം

കെഴക്കേപ്പൊരക്കലെച്ചക്കനെക്കഴിച്ചേചെക്കനുള്ളു
കെളക്കാനാണെങ്ങിക്കെളക്കാ,നല്ലെങ്ങിക്കന്ന് പൂട്ടാൻ.

ഓനേപ്പോലൊരു മനിതൻ പൂമീലോനൊരുത്തൻ:
കാണാനെന്തൊരു ചേലാണേ, കരിവീട്ടിപോലേ!

എണക്കത്തിലായാലാർക്കും ചക്കനൊരൂന്നുകുറ്റി;
നൊണത്തംപിടിച്ചാൽപ്പഹയൻ പിന്നൊരു പൂസിലാണ്ടി!

കറ്മ്പിപ്പയ്യിന് പാല് ചൊരക്ക്ണ ചേലിന് പണ്ട്
കറ്ക്കടമാതം കാലത്തൊരുകുറിലാവുതിച്ചേ;

ചോലക്കുന്നിന്റെ തൂന്നാടീമ്പില് തളിര് ചോന്ന്
പാല വെളങ്ങീ; കൗളീലൊരു കിളിപാടീ പാട്ട്.

തന്നത്താനൊരു പിടിയരിയിട്ട് കഞ്ഞി വെച്ച്
തന്നത്താനത് മോന്തീങ്ങാഞ്ഞിട്ട് പായ വിരിച്ച്

കണ്ണ് മിയിച്ച് മലന്ന് കെടന്ന് നെനച്ച് ചക്കൻ,
‘‘കട്ടംതന്നെ,യൊരാളില്ലിന്റെ പൊരക്കലെങ്ങും;

മൂലക്കലെല്ലാം ചെതലാണിന്റെ മനസ്സ് പോലെ;
മോളില് മുഴുവൻ മാറാലകളും കൂടുകെട്ടി...’’

നായും പട്ടീം കെട്ടിമറിഞ്ഞേ കന്നിനെലാവിൽ:
നാലു പൊറത്തും സപ്തംകൊണ്ടൊരു വേലപൂരം!

ഓന്റെ പൊരക്കലൊരാളില്ലാഞ്ഞിട്ടെടങ്ങറായീ:
ഓനൊരു തെവസം പെണ്ണിനെക്കെട്ടാൻ പൂതി തോന്നി.

മനക്കലെത്താഴം കൊയ്യാൻ പോക്ണ ലക്ക് നോക്കി
മയത്തില്ക്കൂടീ,നീലിനെ വീരൻ പാട്ടിലാക്കീ.

ഓളൊരു പുവ്വാങ്കുറുന്തിലപോലെ മുഴുത്ത പെണ്ണ്;
ഓളക്കും പണ്ടേ ചെക്കന്റെ പെരടീലുണ്ടൊരു കണ്ണ്!

സന്ധുപറഞ്ഞ്പിടിച്ച് വര്മ്പൊപ്പോത്യമായീ
തന്തയ്ക്കും തള്ളയ്ക്കും–പെണ്ണിന്റെ മനസും സാത്യമായി.

ചക്കന്റ്റോടത്തെ മുക്കും മൂലേം ചൂല് തട്ടീ;
ചിക്കനെ ചക്കനൊരാടും വാങ്ങീ ജോറ് കൂട്ടീ.

മുറ്റത്തെറാലില് കുമ്പളവിത്ത്കളോറ്റ നട്ടൂ;
തെറ്റത്ത് നാലഞ്ച് മയിസൂർപ്പൂവൻ കന്നും വെച്ചൂ.

കണ്ണേങ്കാവിലെ വേലക്കളത്തീന്ന് കല്ല വാങ്ങീ;
പെണ്ണിന്റെ കണ്ണ്ന് പോതിക്കാഞ്ഞിട്ടത് മാറി വാങ്ങീ.

ചക്കേലീച്ചകണക്ക്നെണങ്ങിച്ചേർന്നേപ്പിന്നെ
ചക്കനും നീലിക്കും കാക്കകെരേംവരെക്കളിചിരിതന്നെ!

ഒറ്റക്കൂമ്പിനെണച്ചും പൊട്ടി വിരിഞ്ഞൊലയും
വെറ്റക്കൊടിക്കീത്തനുമകരത്തിൽക്കളിചിരിതന്നെ!

വെള്പ്പിനെണീച്ചോലിത്തിരിപ്പോറം കഞ്ഞിമോന്തി
ബറ്ക്കനെ നിന്നൊരു ഞായെം വെച്ച് പണിക്കെറങ്ങും.

തൊട്ടാവാടി പടർന്നൊരു തണലത്താട്ടിനെക്കെട്ടി
തൊട്ടുതലോട്ണ നീലിക്കൊരുമ്മ കൊടുക്കും ചക്കൻ.

മേലാൻ വന്ന് വിളിക്ക്ണ്, ‘‘ചക്കാ, നീലിയില്ലേ?’’□□
നീലി ചിരിക്ക്ണ്, ‘‘മേലാനിന്റമ്മോ, കണ്ണ് പോയേ.’’□□

‘‘കണ്ണില്ലാഞ്ഞിട്ടല്ലടി,’’ കണ്ട്പിടിക്ക്ണ് ചക്കൻ,
‘‘കണ്ണിരുളൂല്ലേ അന്നേക്കണ്ടാൽക്കണ്ടോല്ക്ക്?’’

ഓലെല്ലാംപാടെച്ചിരിച്ച്മറിഞ്ഞേ; മേലാൻ പറഞ്ഞേ
‘‘ഓലമൊടച്ചില് വേണം നീല്യേ, നീയ് വായോ

മേലാനും പോയേ; വഴിയേചക്കന്റെ നീലിം പോയേ;
മേനോമ്പ്രാന്റെ വരമ്പ് കെളയ്ക്കാനോനും പോയേ.

പോക്ണ പോക്ക്ന് നീലിയൊരോട്ടക്കണ്ണേറിഞ്ഞേ;
നീലക്കാക്ക പറക്കുന്നെന്ന് നെനച്ചേ ചക്കൻ.

അങ്ങനെ മോന്തി കറ്ക്കാറായേ; കെള നിറ്ത്തി
തെങ്ങിനെപ്പോലത്തെ നെഴലും നോക്കി നടന്നേ ചക്കൻ.

‘‘പൂയി പൂയീ,’’ തൂരെക്കലശല്! മേലാന്റോടെ
പൂയക്കാവ്ടി തുള്ളുകയാണെന്നോൻ കര്തീ.
‘‘അജ്ജോന്റമ്മോ,’’ നെലയും വിളിയും! ചക്കന്റുള്ളിൽ
അപ്പളൊരീഷല്! പന്നിപ്പാച്ചില് പാഞ്ഞേ ചക്കൻ.

കാണ്ണപൂരം; നീലീനെത്തൂണുമ്മെക്കെട്ടിയിട്ട്
കാഞ്ഞിരമുട്ടി മയക്കുകയാണേ    പൊന്നുമേലാൻ;

മാറില് ചോര പൊരണ്ട് പെടയ്ക്കുകയാണേ നീലി
മകരക്കാറ്റിലെ വണ്ണൻവാഴത്തയ്യ്പോലെ!

മിന്ന്ണ് ചക്കന്റെ മിഴി കാന്താരിമൊളക്പോലെ,
കൊല്ലികളമ്മോ, ചെന്തെങ്ങിൻകൊലയെന്നപോലെ!

മത്തടെ പൂവിനെപ്പോലാക്കണ്ണ് മലച്ചിടുന്നേ;
പത്തി വിര്ത്തിയൊലഞ്ഞ കൊടുംകൈ ചീറീടുന്നേ;

‘‘ചതിക്കല്ലെ ചക്കാ,’’ നീലിടെ മനസ് കത്തീടുന്നേ;
ചതിച്ചില ചക്കൻ–മേലാൻ കുത്തനെ മണ്ണ് പൊത്തീ.

‘‘തണ്ട്യാലെപ്പോവിനെ മേലാനേ, മതി തോന്ന്യവാസം,
തെണ്ടിച്ച് തിന്നാൻ തൊയിരം മേണം,’’ അലറീ ചക്കൻ.

സപ്തം കേട്ട് കറ്ത്തേ ഞെട്ടിവെറച്ച പൂമി;
സപ്തം കേട്ട് മിയിച്ചേ മോളില് നച്ചത്രങ്ങൾ!